ഹദീഥ് 03

പുണ്യമാസം നഷ്ടപ്പെടുത്തരുത്

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : "رَغِمَ أَنْفُ رَجُلٍ ذُكِرْتُ عِنْدَهُ فَلَمْ يُصَلِّ عَلَيَّ وَرَغِمَ أَنْفُ رَجُلٍ دَخَلَ عَلَيْهِ رَمَضَانُ ثُمَّ انْسَلَخَ قَبْلَ أَنْ يُغْفَرَ لَهُ"

അബൂഹുറൈറയിൽ(رَضِـــيَ اللهُ عَـــنْهُ) നിന്ന് നിവേദനം: നബി (ﷺ) പറഞ്ഞു: ആർക്കെങ്കിലും റമദാൻ വന്നെത്തുകയും എന്നിട്ട് അവന്റെ പാപങ്ങൾപൊറുക്കപ്പെടാതെ റമദാൻ അവനിൽ നിന്ന് നീങ്ങിപ്പോവുകയുമാണെങ്കിൽ അവൻ തുലയട്ടെ! (തിർമിദി)

റമളാൻ വന്നെത്തിയിട്ടും അതിനെ വേണ്ടപോലെ പരിഗണിക്കാതെ അലസമായി കഴിയുന്നത് അല്ലാഹുവിന്റെ ശാപം ലഭിക്കാൻ കാരണമായിതീരും.

ഇബ്നു ഖയ്യിമിൽ ജൗസിയ്യ (رحمه الله) പറഞ്ഞു:

قَالَ شَمْسُ الدِّينِ أَبُو عبدِ الله مُحَمَّدُ بنُ أَبِي بَكْرٍ الشَّهِيرُ بابنِ قيِّمِ الجَوْزِيَّة رحمه الله: "مَنْ صَحَّ لَهُ رَمَضَانُ وَسَلِمَ سَلِمَتْ لَهُ سَائِرُ سَنَتِهِ". [زاد المعاد ٣٩٨/١١]

റമളാൻ മാസം ഒരാൾക്ക് ശരിയായ നിലയിലും സുരക്ഷിതമായ നിലയിലുമായിത്തീർന്നാൽ അവന്റെ വർഷത്തിലെ ബാക്കിയുള്ള (മാസങ്ങളെല്ലാം) സുരക്ഷിതമാകും.

മാലിക് ബ്നു ഹുവൈരിസിൽ (رَضِـــيَ اللهُ عَـــنْهُ) നിന്ന് നിവേദനം നബി (ﷺ) മിമ്പറിൽ കയറി. ആദ്യപടികയറി

യപ്പോൾ അവിടുന്ന് 'ആമീൻ' എന്ന് പറഞ്ഞു. രണ്ടാമത്തെ പടി കയറിയപ്പോഴും അവിടുന്ന് 'ആമീൻ' എന്ന് പറഞ്ഞു. മൂന്നാമത്തെ പടി കയറിയപ്പോഴും അവിടുന്ന് 'ആമീൻ' എന്ന് പറഞ്ഞു. അതിന് ശേഷം അവിടുന്ന് പറഞ്ഞു. എന്റെ അടുക്കൽ ജിബ്രീൽ (عليه السلام) വന്നിട്ട് പറഞ്ഞു. ഒരു വ്യക്തി റമളാൻ മാസത്തിൽ ജീവിച്ചിട്ട് (നോമ്പ് പിടിച്ച്) തന്റെ കുറ്റങ്ങൾ ഏറ്റ് പറ ഞ്ഞ് അല്ലാഹുവിനോട് കേണപേക്ഷിച്ച് പൊറുക്കലിനെ തേടിയില്ലെങ്കിൽ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്നും അവൻ അകറ്റപ്പെടട്ടെ. അപ്പോഴാണ് ഞാൻ ആദ്യം 'ആമീൻ' എന്ന് പറഞ്ഞത്. .....(സ്വഹീഹുത്തർഗീബ് വത്തർഹീബ് 996)

ശെയ്ഖ് സ്വാലിഹ് അൽ ഫൗസാൻ حَفِظَهُ اللَّهُ പറഞ്ഞു: "ഈ മാസത്തിന്റെ ശ്രേഷ്ഠതകൾ നഷ്ടപ്പെട്ട വന് വിജയങ്ങളും നന്മകളും നഷ്ട പെട്ടിരിക്കുന്നു".

[كلمات رمضانية ٠٣ ١٤٣٩هـ]

റമളാനിനെ ഫലപ്രദമായി ഉപയോഗിക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. റമളാനിൽ ഒഴിഞ്ഞിരുന്ന് അല്ലാഹുവിന് ഇബാദത്ത് ചെയ്യാൻ വേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കണം. അതിന്റെ പേരിലുണ്ടാകുന്ന ദുനിയാവിലെ നഷ്ട ങ്ങൾ ഒരു നഷ്ടമേയല്ല.

قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : "إِنَّكَ لَنْ تَدَعَ شَيْئًا اتِّقَاءً لِلَّهِ، إِلَّا آتَاكَ اللَّهُ خَيْرًا مِنْهُ"

നബി (ﷺ) പറഞ്ഞു: അല്ലാഹുവിന് വേണ്ടി നീ ഒരു കാര്യം ഒഴിവാക്കിയാൽ അതിനേക്കാൾ നല്ല ഒരു

കാര്യം അവൻ നിനക്ക് പകരം നൽകാതിരിക്കില്ല. (അഹ്മദ്:24/342)

ശ്രദ്ധിക്കുക

റമദാനിനെ ഉപയോഗപ്പെടുത്താനുള്ള തൗഫീഖിന് വേണ്ടി ദുആ ചെയ്യുക. ആരാധനകൾക്ക് പ്രത്യേകം പ്ലാനുകൾ തയ്യാറാക്കുക. ജീവിതത്തിലെ ഏറ്റവും നന്മ നിറഞ്ഞ റമദാൻ ഈ പ്രാവശ്യം ആയിരിക്കണം എന്ന രീതിയിൽ പ്രവർത്തിക്കുക.